# അദ്ധ്യായം - 16 - 17



*ഈ രണ്ട് അദ്ധ്യായങ്ങൾ ക്ഷണനേരംകൊണ്ട് ബ്രഹ്മ ജ്ഞാനം നേടാൻ ബാബയെ സമീപിച്ച ഒരു ധനികന്റെ കഥയെ സംബന്ധിച്ചവയാണ്.*

കഴിഞ്ഞ അദ്ധ്യായത്തിൽ എപ്രകാരം ചോൾക്കാറിന്റെ ചെറിയ നൈവേദ്യം അംഗീകരിച്ചു എന്നു പറഞ്ഞുവല്ലോ പ്രേമത്തോടും ഭക്തിയോടും കൂടി കൊടുക്കന്ന എത്ര ചറിയ നൈവേദ്യവും ബാബ സ്വീകരിക്കും എന്നാണതിൽനിന്ന് വ്യക്തമാവുന്നത്. എന്നാൽ ഗർവ്വോടും ധിക്കാരത്തോടും കൂടി കൊടുക്കുന്നതെന്തും ബാബ നിഷേധിക്കും. സദാ സദ്ചിദ് ആനന്ദനായിരിക്കുന്ന ബാബ പുറംപൂച്ചുകളും ചടങ്ങുകളും തീരെ വിലവെച്ചില്ല. വിനയത്തോടുകൂടി കൊടുക്കുന്നതെന്തും സ്വീകരിക്കും. സദ്ഗുരു സായിബാബ മാതിരി കരുണാമൂർത്തിയായി മറ്റൊരാളില്ല. ചിന്താമണിയും, കല്പവൃക്ഷവും കാമധേനുവും ഒന്നും അദ്ദേഹത്തിന് സമമല്ല. കാരണം അവ നാം ആവശ്യപ്പെടുന്നത് തരികയെ ഉള്ളൂ. സദ്ഗുരു നാമാവശ്യപ്പെടാത്ത സദ്ഗതിയും സത്യവും നമുക്ക് തരുന്നു. എപ്രകാരം ബാബ പെട്ടെന്ന് ബ്രഹ്മ ജ്ഞാനം കിട്ടാനാവശ്യപ്പെട്ട ഒരു പണക്കാരനെ കൈകാര്യം ചെയ്തു എന്നു നോക്കുക.

വളരെ ധനികനായ ഒരാളുണ്ടായിരുന്നു. അയാളുടെ പേരും നാടും രേഖപ്പെടുത്തിയിട്ടില്ല. ഒരുപാട് ഭൂമിയും കെട്ടിടങ്ങളും പരിചാരകന്മാരും അയാൾക്കുണ്ടായിരുന്നു. ബാബയെപറ്റി കേട്ട പ്പോൾ അയാൾ ഒരു സുഹൃത്തിനോട് പറഞ്ഞു: എനിക്ക് എല്ലാം സമൃദ്ധിയായുണ്ട്. അതുകൊണ്ട് ബാബയോട് ബ്രഹ്മജ്ഞാനം ആവശ്യപ്പെട്ടുകളയാം. അതുംകൂടിയായാൽ സന്തോഷം പൂർണ്ണ മായല്ലോ. സുഹൃത്ത് അയാളോട് ബ്രഹ്മജ്ഞാനം എളുപ്പം കിട്ടി ല്ലെന്നും അയാളെപ്പോലെ ധനം, പത്നി എന്നിവയിൽ അത്യ ന്താസക്തിയുള്ള ഒരാൾക്ക് ഒട്ടും കഴിയില്ലെന്നും പറഞ്ഞു. മുട ക്കാൻ നോക്കി. ഒരു പൈസ ധർമ്മം ചെയ്യാത്ത അയാൾക്ക് ബ്രഹ്മ ജ്ഞാനം സാദ്ധ്യമല്ലെന്നും പറഞ്ഞുകൊടുത്തു.

സ്നേഹിതന്റെ വാക്കുകൾ ശ്രദ്ധിക്കാതെ അയാൾ ടോങ്ക പിടിച്ച് ഷിർദ്ദിയിലേക്കു വന്നു. അയാൾ മസ്ജിദ്ദിൽ പോയി ബാബ യുടെ കാൽക്കൽ നമസ്കരിച്ചു പറഞ്ഞു: ബാബ, അവിടുന്ന് എല്ലാവർക്കും ക്ഷണത്തിൽ ബ്രഹ്മനെ കാണിച്ചുകൊടുക്കുമെന്ന് കേട്ടാണ് ഞാൻ ദൂരത്തുനിന്നും വരുന്നത്. ഞാൻ വളരെ ക്ഷീണി ച്ചു. ബ്രഹ്മനെ കാണിച്ചുതന്നാൽ എന്റെ അദ്ധ്വാനം ഫലത്തിലാ വും. ബാബ പറഞ്ഞു. സുഹൃത്തെ, പരിഭ്രമിക്കേണ്ട. ബ്രഹ്മനെ ഉടനെ കാണിച്ചുതരാം. എന്റെ എടവാടൊക്കെ റൊക്കത്തിനാ ണ്, കടത്തിനല്ല. അനവധിപേർ വന്ന് എന്നോട് ധനം, ആരോ ഗ്യം, ശക്തി, സ്ഥാനമാനം, സ്ഥിതി, രോഗം മാറ്റൽ മുതലായ ലൗകിക കാര്യങ്ങൾ ആവശ്യപ്പെടുകയാണ്. ബ്രഹ്മജ്ഞാനം ചോദിച്ചുകൊണ്ട് ആരും വരലില്ല. ലൗകികങ്ങൾ ആവശ്യപ്പെടു ന്നവർക്ക് ക്ഷാമമില്ലെങ്കിലും ആദ്ധ്യാത്മികമായ ആവശ്യക്കാർ വിരളമാണ്. അതുകൊണ്ട് നിങ്ങൾ വന്ന് ബ്രഹ്മജ്ഞാനം ആവ ശ്യപ്പെട്ടത് ഒരു ശുഭ സൂചനയാണ്. അതുകൊണ്ട് ഉടനെ ബ്രഹ്മനെ അതിന്റെ എല്ലാ സജ്ജീകരണങ്ങളോടുകൂടി കാണി ച്ചുതരാം.





ഇത് പറഞ്ഞ് ബാബ അയാളുടെ ബ്രഹ്മനെ കാണിക്കാൻ ഒരുക്കമായി. അയാളെ അവിടെ ഇരുത്തി വേറെ എന്തോ പറഞ്ഞു ശ്രദ്ധ തിരിച്ചു പിന്നെ ഒരു കുട്ടിയെ വിളിച്ചു നന്ദു മാർവാടി യുടെ അടുക്കൽപോയി അഞ്ചുറുപ്പിക കടം വാങ്ങികൊണ്ടു വരാൻ പറഞ്ഞു. കുട്ടി പോയി മാർവാടിയെ കണ്ടില്ലെന്ന് വന്ന് പറഞ്ഞു. അപ്പോൾ ബാബ പലചരക്കുകടക്കാരൻ ബാലനോട് വാങ്ങിക്കൊണ്ടുവരാൻ പറഞ്ഞു. കുട്ടി പണം കിട്ടാതെ മടങ്ങി വന്നു. ഇത് മൂന്നുപ്രാവശ്യം വീണ്ടും ആവർത്തിച്ചു.

സായിബാബ ജീവിക്കുന്ന ബ്രഹ്മനാണല്ലോ. അപ്പോൾ ചോദി ച്ചേക്കാം. എന്നാൽ എന്തിനാണ് ഇത്ര ചെറിയ കടം കിട്ടാൻ ബാബ മിനക്കെടുന്നതെന്ന്. യഥാർത്ഥത്തിൽ ബാബക്ക് പണം ആവശ്യമില്ലായിരുന്നു. നന്ദുവും ബാലനും ഇല്ലെന്നറിഞ്ഞുകൊ ണ്ടാണ് ബാബ കുട്ടിയെ അയക്കുന്നത്. ഇത് ബ്രഹ്മനെ അറി യാൻ വന്നവനെ പരീക്ഷിക്കാൻ ചെയ്തതാണ്. ഈ മാന്യന്റെ കയ്യിൽ ധാരാളം പണമുണ്ട്. യഥാർത്ഥ ബ്രഹ്മാന്വേഷിയാണെ ങ്കിൽ ബാബ ഇങ്ങിനെ പണത്തിന് കഷ്ടപ്പെടുന്നത് കണ്ടാൽ വെറുതെ ഇരിക്കില്ല. ബാബ വാക്കുമാറില്ലെന്നും പണം മടക്കി ത്തരുമെന്നും, ചോദിച്ചത് നിസ്സാര സംഖ്യയാണെന്നും അയാൾക്ക റിയാം. എന്നിട്ടും പണം കൈവിടാൻ മടി. അങ്ങിനെയുള്ള ഒരു വനാണ് ലോകത്തിൽവെച്ചേറ്റവും വലുത് - ബ്രഹ്മജ്ഞാനം - ബാബയോടാവശ്യപ്പെടുന്നത്! ബാബയെ സ്നേഹിക്കുന്ന മറ്റേ തൊരാളും ഉടനെ പണം കൊടുക്കുമായിരുന്നു. പക്ഷെ ഇയാള ത്തരക്കാരനല്ല. ഇയാൾപണം കൊടുക്കില്ലെന്നല്ല, വെറുതെ ഇരു ന്നതുമില്ല. വീട്ടിലേക്ക് മടങ്ങാൻ ധൃതിപിടിച്ച് അയാൾ ബാബ യോട് ഓ ബാബ, വേഗം ബ്രഹ്മനെ കാണിച്ചു തരൂ. എന്ന് തിരക്കാൻ തുടങ്ങി. ബാബ പറഞ്ഞു. ഞാൻ ഈ ചെയ്ത നടപ ടികളൊന്നും നിങ്ങൾക്ക് മനസ്സിലായില്ലെ? അത് നിങ്ങൾക്ക്

ബ്രഹ്മനെ കാണിക്കാനാണ്. ചുരുക്കത്തിൽ ഇതാണ് കാര്യം ബ്രഹ്മനെ കാണാൻ അഞ്ച് സംഗതികൾ അടിയറവെക്കണം. 1) അഞ്ചു പ്രാണങ്ങൾ 2) പഞ്ചേന്ദ്രിയങ്ങൾ 3) മനസ്സ് 4) ബുദ്ധി 5) അഹംഭാവം - ഈ ബ്രഹ്മജ്ഞാനത്തിന്റെ വഴി, വാൾത്തലപ്പിൽ നടക്കുമ്പോലെ വിഷമം പിടിച്ചതാണ്. പിന്നീട് സായിബാബ അതിനെപറ്റി ഒരു നീണ്ട പ്രഭാഷണം നടത്തി. അതിന്റെ ഒരു ചുരുക്കം ഇവിടെ പ്രതിപാദിക്കാം.

## ബ്രഹ്മജ്ഞാനത്തിനും ആത്മാജ്ഞാനത്തിനുമുള്ള യോഗ്യത

എല്ലാവരും അവരുടെ ജീവിതകാലംകൊണ്ട് ബ്രഹ്മനെ കാണുകയോ അറിയുകയോ ചെയ്യുന്നില്ല. ചില യോഗ്യതകൾ അത്യാവശ്യമാണ്. 1) മുമുക്ഷ - അതായത് മോക്ഷത്തിനുള്ള അതി കലശലായ ഇച്ച. ഞാൻ ബ്രഹ്മനാണെന്നും ബന്ധനത്തിൽ നിന്ന് രക്ഷപ്രാപിച്ചു സ്വതന്ത്രനാവണമെന്നുള്ള അതിയായ മോഹംകൊണ്ട് നിരന്തരം പണിയെടുക്കുന്നവൻ ഒന്നാമത്തെ യോഗ്യതയായി. 2) വിരക്തി - ഇഹത്തിലും പരത്തിലും ഉള്ളവ യിൽ ആഗ്രഹമില്ലാത്ത അവസ്ഥ. ഒരാൾക്ക് സ്ഥാനമാനങ്ങളിലും പ്രവൃത്തിഫലങ്ങളിലും ആശ നശിച്ചാലല്ലാതെ ആദ്ധ്യാത്മിക പുരോഗമനമുണ്ടാവില്ല. 3) അന്തർമുഖത - തന്നിലേക്കു തന്നെ യുള്ള നോട്ടം. നമ്മുടെ ഇന്ദ്രിയങ്ങൾ പുറത്തേക്ക് ചായ്‌വോടു കൂടിയാണ് ദൈവം സൃഷ്ടിച്ചത്. അതുകൊണ്ട് മനുഷ്യൻ പുറ ത്തേക്ക് നോക്കലല്ലാതെ തന്നിലേക്കു തന്നെ നോക്കലില്ല. ആത്മ ജ്ഞാനി ഉള്ളിലേക്ക് നോക്കി ആത്മനെ കാണണം. 4) പാപ നിർമ്മാർജ്ജനം - കുടിലപ്രവൃത്തികൾ നിർത്തി സദ്വൃത്തനായി ശാന്ത മനസ്ഥിതിക്കാരനായാലല്ലാതെ വിവരംകൊണ്ടുപോലും ബ്രഹ്മജ്ഞാനം ഉണ്ടാവുന്നതല്ല 5) ശരിയായ സ്വഭാവം - സത്യ

ത്തിലും തപസ്സിലും ആത്മജ്ഞാനത്തിലും അധിഷ്ഠിതമായ ജീവിതം നയിച്ച് ബ്രഹ്മചര്യമനുഷ്ഠിച്ചാലെ ദൈവത്തെ അറിയാൻ കഴിയൂ. 6) പ്രേയസ്സിനെക്കാൾ ശ്രേയസ്സിനെ - കാംക്ഷിക്കുക - ഭോഗ്യങ്ങളേക്കാൾ ദൈവത്തേയും നല്ലതിനെയും ഇഷ്ടപ്പെടുക. രണ്ടുതരം സംഗതികളുണ്ട്. നല്ലതും സന്തോഷപ്രദങ്ങളും, ആദ്യത്തേത് ആദ്ധ്യാത്മികവും രണ്ടാമത്തേതു ഭൗതികവുമാണ്. രണ്ടും മനുഷ്യനെ സമീപിച്ച് സ്വീകരിക്കാനാവശ്യപ്പെടുന്നു. അവൻ ആലോചിച്ച് ഒന്നിനെ സ്വീകരിക്കണം. വിവരമുള്ളവൻ നല്ലതും വിവരമില്ലാത്തവൻ അത്യാഗ്രഹത്താൽ സന്തോഷപ്രദവും സ്വീകരിക്കുന്നു. 7) ഇന്ദ്രിയങ്ങളും മനസ്സും നിയന്ത്രിക്കാൻ - ദേഹം രഥവും ആത്മാവ് നേതാവും, ബുദ്ധി തേരാളിയും, മനസ്സ് കടിഞ്ഞാണുമാണ്. ഇന്ദ്രിയങ്ങൾ കുതിരകളും ഇന്ദ്രിയസുഖങ്ങൾ വഴിയുമാണ്. വിവരമില്ലാത്തവനും മനസ്സിന് നിയന്ത്രണമില്ലാത്തവനും, ഇന്ദ്രിയങ്ങൾ പരിഭ്രാന്തരായ കുതിരയെപ്പോലെ തേരാളിയെ അവഗണിച്ചോടി ലക്ഷ്യസ്ഥാനത്തേക്കെത്താതെ വീണ്ടും ജനിച്ചും മരിച്ചും ചുറ്റിചുറ്റി നടക്കുന്നു. വിവരമുള്ളവനും മനസ്സ് നിയന്ത്രിച്ചവനുമായാൽ, ഇന്ദ്രിയങ്ങൾ നിയന്ത്രണത്തിൽ നിന്ന്, നല്ല കുതിരയെപ്പോലെ പ്രാപ്യസ്ഥാനമാകുന്ന ആത്മജ്ഞാനത്തിലെത്തുന്നു. പിന്നെ ജനനമില്ല. ജ്ഞാനമാകുന്ന തേരാളിയോടുകൂടി, നിയന്ത്രിതമായ ഇന്ദ്രിയമുള്ളവൻ വിഷ്ണുലോകത്തിൽ പ്രാപിച്ച് യാത്ര അവസാനിപ്പിക്കുന്നു. 8) മനഃശുദ്ധി - കൃത്യബോധത്തോടെയും നിസ്സംഗനായും കർമ്മം ചെയ്യുക. അതില്ലെങ്കിൽ മനഃശുദ്ധി കൈവരുന്നതല്ല. മനഃശുദ്ധിയില്ലെങ്കിൽ ബ്രഹ്മജ്ഞാനം സാദ്ധ്യവുമല്ല. മനഃശുദ്ധികൊണ്ടേ വിവേകവും വൈരാഗ്യവും സിദ്ധിക്കൂ. എന്നാൽ മാത്രമെ മോക്ഷം കൈവരികയുള്ളൂ. അഹംഭാവം കളഞ്ഞ്, ആർത്തി അവസാനിപ്പിച്ച്, മനസ്സിന് ആഗ്രഹമില്ലാതാക്കിയാലല്ലാതെ ആത്മജ്ഞാനം

സാദ്ധ്യമാകുന്നില്ല. ഞാൻ ദേഹമാണ്. എന്ന ബോധം വലിയ ഒരു മിത്ഥ്യയാണ്. ഈ മിത്ഥ്യയിലുള്ള വിശ്വാസമാണ് ബന്ധനത്തിന് കാരണം. അതുകൊണ്ട് ആ ബോധം ഉപേക്ഷിച്ച് അതിലുള്ള ആഗ്രഹം ത്യജിച്ച് ആത്മജ്ഞാനമായ ലക്ഷ്യത്തെ മുൻനിർത്തി പോവുക. 9) ഗുരുവിന്റെ ആവശ്യകത - ആത്മജ്ഞാനം നിഗൂഢവും സൂക്ഷ്മവുമായതിനാൽ ഒറ്റക്കത് കൈവരുത്തുവാൻ സാദ്ധ്യമല്ല. അപ്പോൾ ആത്മജ്ഞാനിയായ മറ്റൊരാളുടെ ഉപദേശവും നിർദ്ദേശവും അത്യാവശ്യമാണ്. മറ്റുള്ളവർക്ക് കഠിനാദ്ധ്വാനംകൊണ്ടും സാഹസംകൊണ്ടും തരാനാവാത്തത് ഗുരുവിന് എളുപ്പം തരാൻ കഴിയും കാരണം അദ്ദേഹം ആ വഴിയെ പോയതാകയാൽകയ്പിടിച്ച് അടിവെപ്പിച്ച് അടിവെപ്പിച്ച് ആദ്ധ്യാത്മിക പുരോഗതിയുടെ കോണിപ്പടികൾ കയറ്റികൊണ്ടുപോവാൻ അദ്ദേഹത്തിനു കഴിയും. 10) അവസാനമായി ദൈവാധീനമോ ദൈവാനുഗ്രഹമോ ആണ് ആവശ്യം. ദൈവം പ്രസാദിച്ചാൽ വിവേകവും വൈരാഗ്യവും എല്ലാം നൽകി ഭൗതികജീവിതത്തിൽ പതറാതെ മുന്നോട്ടുപോവാം. ആദ്ധ്യാത്മജ്ഞാനം വേദം പഠിച്ചോ, ബുദ്ധിശക്തിയാലോ, അപാരപാണ്ഡിത്യം കൊണ്ടോ കൈവരുന്നതല്ല. ആത്മൻ അംഗീകരിച്ചവന് അതു സാദ്ധ്യപ്പെടുന്നു. അവന് ആത്മൻ സ്വന്തഭാവം വെളിപ്പെടുത്തുന്നു എന്നാണ് കഠോപനിഷത്തിൽ പറയുന്നത്.

ഈ പ്രഭാഷണത്തിന് ശേഷം ബാബ ധനികനോട് പറഞ്ഞു. സർ നിങ്ങളുടെ ബ്രഹ്മൻ നിങ്ങളുടെ പോക്കറ്റിൽ 5ക. യുടെ 50 ഇരട്ടിയായി (250ക) കിടപ്പുണ്ട്. അത് പുറത്തെടുക്കൂ. ധനികൻ പുറത്തെടുത്ത് എണ്ണിയപ്പോൾ പത്തിന്റ ഇരുപത്തിയഞ്ച് നോട്ടുകളുണ്ട്. ഇതുകണ്ട് അയാൾ വിസ്മയിച്ച് ബാബയുടെ കാൽക്കൽവീണു അനുഗ്രഹിക്കാൻ പ്രാർത്ഥിച്ചു. നിങ്ങളുടെ ബ്രഹ്മനെ മടക്കിവെച്ചാലും നിങ്ങളുടെ ആർത്തി നശി

ക്കാതെ, യഥാർത്ഥ ബ്രഹ്മനെ കിട്ടാൻ പോകുന്നില്ല. എങ്ങിനെയാണ് ധനത്തിലും സന്താനത്തിലും സമൃദ്ധിയിലും മാത്രം ആഗ്രഹിക്കുന്നവർക്ക് അതുപേക്ഷിക്കാതെ ബ്രഹ്മജ്ഞാനം നേടാൻ കഴിയുക? പണത്തിനുള്ള ദുരാഗ്രഹം കാപട്യത്തന്റെയും അസൂയയുടെയും രൂപത്തിലുള്ള മുതലകൾ നിറഞ്ഞ ഒരു കയമാണ്. ആശയെ ജയിച്ചവനേ, ആ കയം, കടക്കാൻ കഴിയൂ. ആശയം ബ്രഹ്മനും ധ്രുവങ്ങളുടെ അന്തരത്തിലാണുള്ളത്. അവ അന്യോന്യം വിരുദ്ധങ്ങളുമാണ്. ആഗ്രഹമുള്ളവന് ബ്രഹ്മത്തെ ധ്യാനിക്കാൻ കഴിയില്ല. പിന്നെ എങ്ങിനെ ആഗ്രഹിക്ക് നിസ്സംഗത്വവും മുക്തിയും ലഭിക്കും? ആഗ്രഹിക്ക് ശാന്തിയും, തൃപ്തിയും, സ്ഥൈര്യവുമില്ല. ആഗ്രഹലേശമുണ്ടായാൽ, എല്ലാം സാധനയും വിഫലമാണ്. ഒരു പണ്ഡിതന്റെ വിവരംപോലും, ഫലേച്ഛകൊണ്ട്, വിഫലമായി, ആത്മജ്ഞാനത്തിന് സാദ്ധ്യമില്ലാതായി പോകുന്നു. ഇന്ദ്രിയസുഖങ്ങളിൽ കാംക്ഷിക്കുന്നവന് ഗുരുപദേശംപോലും ഗുണംചയ്യില്ല. മനഃശുദ്ധി കൈവരുത്താത്ത ഏത് ആദ്ധ്യാത്മിക പരിശ്രമവും, വെറും നിഷ്പ്രയോജനമായ പ്രദർശനവും ആർഭാടവുമായിപ്പോവുന്നതാണ്. അതുകൊണ്ട് അവനവന് ദഹിക്കുന്നത് കഴിക്കലാണ് ഭേദം. എന്റെ ഖജനാവ് പൂർണ്ണവുമാണ്. ആർക്കും എത്രയും കൊടുക്കാനുണ്ട്. പക്ഷെ അത് വാങ്ങുന്നവൻ യോഗ്യനോ എന്ന് നോക്കണം. നീയതിൽ ശ്രദ്ധിച്ചാൽ നിനക്ക് നല്ലതാണ്. ഈ മസ്ജിദിൽ ഇരുന്ന് ഞാനൊരിക്കലും അസത്യം പറയില്ല.

ഒരു വിരുന്നുകാരനെ വിളിച്ചാൽ വീട്ടിലുള്ള എല്ലാവരും പരിചാരകരടക്കം വിരുന്നുകാരോടൊപ്പം സൽക്കരിക്കപ്പെടുന്നു. അതുപോലെ പണക്കാരന് കൊടുത്ത ഈ അദ്ധ്യാത്മിക സദ്യയിൽ മസ്ജിദ്ദിലുള്ള എല്ലാവർക്കും പങ്കുകൊള്ളാൻ കഴിഞ്ഞു. ഒടുവിൽ ആ മാന്യനടക്കം എല്ലാവരും ബാബയുടെ അനുഗ്രഹം വാങ്ങി അവിടെനിന്നും പോയി.

## ബാബയുടെ പ്രത്യേകതകൾ

പല ഋഷിമാരും വീടുവിട്ട്, കാടുകയറി, ആശ്രമത്തിലും ഗുഹയിലുമിരുന്നു ഏകാന്തത അനുഭവിക്കുന്നവരാണ്. അവർ അവരുടെ മോക്ഷത്തെ മാത്രമെ ശ്രദ്ധിക്കുന്നുള്ളൂ. അവർ മറ്റുള്ളവരെ ശ്രദ്ധിക്കാതെ ആത്മചിന്തയിൽ മുഴുകിയിരിക്കും. സായി ബാബ അത്തരത്തിലായിരുന്നില്ല. ബാബക്ക് വീടോ, ഭാര്യയോ, മക്കളോ, ബന്ധുക്കളോ ഇല്ല. എന്നിട്ടും ബാബ സമുദായമദ്ധ്യത്തിൽ താമസിച്ചു ഭക്ഷണം നാലോ അഞ്ചോ വീടുകളിൽനിന്ന് യാചിച്ചു വാങ്ങി, വേപ്പുമരച്ചോട്ടിൽ ഇരുന്ന് മറ്റുള്ളവരുടെ ക്ഷേമത്തിൽ ശ്രദ്ധിച്ചു.അവരെ സന്മാർഗ്ഗത്തിലേക്കുള്ള വഴികൾ പഠിപ്പിച്ചു. ദൈവം പ്രത്യക്ഷീഭൂതരായ സാധുക്കൾ, മറ്റുള്ളവരെ നന്നാക്കാൻ ആഗ്രഹിക്കുന്നത് വളരെ അപൂർവ്വമാണ്. സായിബാബ അതിൽ മുമ്പനായിരുന്നു. അതുകൊണ്ട് ഹേമദ്പാന്ത് പറയുകയാണ്.

ഈ രത്നം (സായിബാബ) ജനിച്ച രാജ്യം അനുഗൃഹീതമാണ്. കുടുംബം അനുഗൃഹീതമാണ്. മാതാപിതാക്കൾ അനുഗൃഹീതരാണ്.

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ!